LIBRARY ARCHIVES Kerala Legislative Assembly

നൽകുവാൻ നിലവിൽ ഒഴിവില്ലായെന്നാണ്. അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം നൽകാൻ ഒഴിവില്ലായെന്നത് വളരെ വിചിത്രമാണ്. എന്നാൽ സംവരണ സമുദായാംഗങ്ങൾക്ക് നിയമനം നൽകി നികത്തപ്പെടേണ്ട ഒഴിവിൽ 2013-ൽ നിലവിൽ വന്ന സ്റ്റാഫ് നഴ്സ് ജനറൽ കാറ്റഗറി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയതുമൂലമാണ് ഇപ്പോൾ പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിച്ച എൻ.സി.എ. ധീവര/മുസ്ലീം വിഭാഗങ്ങൾക്ക് നിയമനം ലഭിക്കാത്തത്. അതിനാൽ പി.എസ്.സി അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത 86 പേർക്ക് നിയമനം നൽകുവാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. മെമ്മോ ലഭിച്ചിട്ട് ജോലിക്കായി കാത്ത് നിൽക്കുകയെന്നത് നഗ്നമായ നീതി നിഷേധമാണ്. ഇപ്പോൾ പറയുന്നത് അവർക്ക് നിയമനം നൽകാൻ പോസ്റ്റില്ല എന്നാണ്. അതുകൊണ്ട് ഈ നീതിനിഷേധം അടിയന്തരമായി പരിഹരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 എൻ.സി.എ . തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കുന്നില്ല എന്ന പരാതി സർക്കാർ പരിശോധിക്കുകയും ഇപ്പോൾ നിലവിലുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ് 2-ന്റെ മുഴുവൻ ഒഴിവിലേക്കും എൻ.സി.എ. റാങ്ക് സീനിയോറിറ്റിയനുസരിച്ച് നിയമനം നൽകണമെന്നും ശേഷിക്കുന്നവരെ നിയമിക്കുന്നതിന് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനായി അടിയന്തരമായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് 8-7-2014-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം അടിയന്തരമായി ലഭ്യമാക്കി നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(31) കാസർഗോഡ് ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജനറൽ ആശുപത്രി നിത്യരോഗിയാണ്. ഈ സബ്മിഷൻ കൊണ്ടോ മന്ത്രിയുടെ മറുപടി കൊണ്ടോ മാറുന്നതല്ല ആ രോഗം. മന്ത്രി തന്നെ നേരിട്ട് വന്ന് യോഗം വിളിച്ച് യഥാർത്ഥ പ്രശ്നം എന്താണെന്ന് ബന്ധപ്പെട്ടവരിൽ നിന്നും മനസ്സിലാക്കിയാൽ മാത്രമേ എന്തെങ്കിലും ഗുണം ഉണ്ടാകുകയുള്ളൂ. ഈ സബ്മിഷൻ ഫലം കണ്ടു എന്നുള്ള സംതൃപ്തിയും ചാരിതാർത്ഥ്യവും ലഭിക്കണമെങ്കിൽ കാസർഗോഡ് ജനറൽ ആശുപത്രിയുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയെന്ന ഏക അജണ്ടയോടുകൂടി കാസർഗോഡ് ജനറൽ ആശുപത്രി സന്ദർശിക്കാൻ ബഹുമാനപ്പെട്ട ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി വരുന്ന തീയതി ഇപ്പോൾ തന്നെ പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആ പ്രഖ്യാപനം ഉണ്ടാകുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. 7 നില കെട്ടിടമാണ് കാസർഗോഡ് ജനറൽ ആശുപത്രി. അവിടെയൊരു റാമ്പില്ല. താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തിയപ്പോൾ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും പോസ്റ്റുകളിൽ നിയമനം നടന്നു എന്നല്ലാതെ ക്ലീനിംഗ് സ്റ്റാഫ് അടക്കം പോസ്റ്റ് ക്രിയേഷൻ നടത്തിയിട്ടില്ല. ചുരുക്കത്തിൽ മാറാ വ്യാധിയിലും തീരാ വേദനയിലുമാണ് കാസർഗോഡ് ജനറൽ ആശുപത്രി. ദിവസവും ആശുപത്രിയുടെ മുൻപിൽ സമരമാണ്. സെക്രട്ടേറിയറ്റിനു മുൻപിൽ പോലും ഇത്രയധികം സമരങ്ങൾ ഉണ്ടാകില്ല. വേണ്ടത്ര ഡോക്ടർമാരില്ല. ഡെന്റൽ വിംഗിലെ ഡോക്ടർ ഡെപ്യൂട്ടേഷനിലാണ്. ശമ്പളം കാസർഗോഡും ജോലി മറ്റൊരിടത്തും. ഫോറൻസിക് സർജനില്ല. എക്സ്റേ മെഷീൻ സ്ഥാപിക്കാൻ മുറിയില്ല. സി. റ്റി. സ്കാൻ പ്രവർത്തിപ്പിക്കാൻ ജീവനക്കാരില്ല. ദിവസവും മുന്നൂറിലധികം ഇൻ പേഷ്യന്റ്സ് ഉണ്ട്. പക്ഷേ 212 രോഗികളെ കിടത്താനുള്ള സൗകര്യമേയുള്ളൂ. പാവപ്പെട്ട രോഗികൾക്ക് മരുന്ന് ലഭ്യമല്ല. പുറമേയുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്ന് വാങ്ങാൻ ഡോക്ടർമാർ ചീട്ട് കൊടുക്കുകയാണ്. അത്തരമൊരു ചീട്ട് ഇപ്പോൾ എന്റെ കൈയിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങ് കാസർഗോഡ് ജനറൽ ആശുപത്രി സന്ദർശിക്കുന്ന ഒരു തീയതി കൂടി ഇവിടെ പ്രഖ്യാപിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

<u>മി. സ്പീക്കർ:</u> മന്ത്രി വിചാരിച്ചാൽ നടക്കില്ലെന്നുള്ള വാചകം ആദ്യം പറഞ്ഞിട്ടാണ് തുടങ്ങിയത്, അങ്ങനെയൊന്നും പറയേണ്ട.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): സർ, 2008-ൽ ജനറൽ ഹോസ്പിറ്റലായി ഉയർത്തിയ കാസർഗോഡ് ജനറൽ ഹോസ്പിറ്റലിലെ ശരാശരി ഒ.പി. 800-ഉം അനുവദിച്ച കിടക്കകൾ 212-ഉം ആണ്. 39 ഡോക്ടർമാർ ഉൾപ്പെടെ 206 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഒഴിവുള്ള 12 ഡോക്ടർമാരുടെ തസ്തികയിൽ 10 പേരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ ചികിത്സാ കേന്ദ്രവും ഈ ആശുപത്രിയാണ്. മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി., ഒഫ്താൽമോളജി, അനസ്തേഷ്യ, റേഡിയോളജി, ഡെർമ്മറ്റോളജി, ഫിസിക്കൽ മെഡിസിൻ, ഫോറൻസിക് മെഡിസിൻ,

ദന്ത രോഗ വിഭാഗം, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങൾ ഈ ആശുപത്രിയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്ക്, ലാബ് എന്നിവ ഈ ആശുപത്രിയിലുണ്ട്. റേഡിയോളജിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ അൾട്രാ സൗണ്ട് സ്കാനിംഗ് നടത്താൻ കഴിയുന്നില്ല. സ്വകാര്യ ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ച് സി.റ്റി. സ്കാൻ പ്രവർത്തിപ്പിച്ചു വരുന്നു. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി എട്ടര കോടി രൂപ ചെലവഴിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.എസ്.ജി.വൈ., ജെ.എസ്.എസ്.കെ., ആരോഗ്യ കിരണം, എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ചികിത്സ, എന്നിവ നല്ല രീതിയിൽ നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ വിലയിരുത്തുന്നതിന് ആഗസ്റ്റ് മാസത്തിൽ ഒരു മീറ്റിംഗ് വിളിച്ചു കൂട്ടുന്നതാണ്. ഇവിടെ ഉയർത്തിയ ആവശ്യങ്ങൾ എന്താണെന്ന് പരിശോധിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(32) കൊടുങ്ങല്ലൂർ ബൈപ്പാസ് സർവ്വീസ് റോഡ്

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, നമ്മുടെ ദേശീയപാത 17-ൽ, കൊടുങ്ങല്ലൂർ ബൈപ്പാസ് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകാലമായി ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യമായിരുന്നു. അവിടെ ബൈപ്പാസ് നിർമ്മിക്കുന്നതിനുവേണ്ടി ജനങ്ങൾ 45 മീറ്റർ സ്ഥലം യാതൊരു പ്രക്ഷോഭവുമുണ്ടാകാതെ ഗവൺമെന്റ് പറഞ്ഞ സംഖ്യയ്ക്ക് വിട്ടുകൊടുത്തതാണ്. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഉൾപ്പെടെ കേസ് വന്നു, കോടതിയലക്ഷ്യത്തിന് ഉദ്യോഗസ്ഥന്മാർക്ക് എതിരെ നോട്ടീസ് വന്നിട്ടാണ് അവിടെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ബൈപ്പാസിന് അനുമതി നൽകിയത്. അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ ഗുരുവായൂരിലേക്കും മലബാറിലേയ്ക്കും പോകുന്നത് കൊടുങ്ങല്ലൂർ വഴിയാണ്. അതിനുവേണ്ടിയാണ് കൊടുങ്ങല്ലൂർ ബൈപ്പാസ് എന്ന പ്രൊപ്പോസൽ തന്നെ ഉണ്ടായത്. ബൈപ്പാസ് പ്രൊപ്പോസൽ വന്ന സന്ദർഭത്തിൽ 350 മീറ്റർ സർവ്വീസ് റോഡുകൂടി ഉണ്ടായിരുന്നു. 45 മീറ്റർ സ്ഥലമാണ് ജനങ്ങൾ റോഡിനുവേണ്ടി സ്വയം വിട്ടു കൊടുത്തത്. മൂന്നര കിലോമീറ്റർ വരുന്ന ബൈപ്പാസിന്റെ 350 മീറ്ററിലുള്ള സർവ്വീസ് റോഡ് നിർമ്മിച്ചിട്ടില്ല. 150 മീറ്റർ സ്ഥലത്ത് മാത്രമാണ് ഇപ്പോൾ സർവ്വീസ് റോഡ് നിർമ്മിച്ചത്. ബൈപ്പാസിന്റെ പണി പൂർത്തിയായി. പക്ഷേ റോഡ് ഉറന്നു കൊടുക്കാൻ സാധിക്കുന്നില്ല. ജനങ്ങൾ വളരെ പ്രക്ഷോഭത്തിലാണ്. അവശേഷിക്കുന്ന 200 മീറ്റർ സർവ്വീസ് റോഡുകൂടി പൂർത്തിയാക്കിയാൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly